# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെടിഎം പി4/2094/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 27/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെടിഎം പി4/2094/2023 തീയ്യതി: 27/12/2023

## കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബീനാകുമാരി. സി. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 14-12-2023 | 21-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-12-2023 | 21-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ഇന്ദുലേഖ .എ, ഓഡിറ്റ് ഓഫീസർ

ശ്രീ. സുമേഷ് .പി.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി അമ്പിളി. യു, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. യോഗേഷ്.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കോമളവല്ലി രവീന്ദ്രൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ആശാ ഗോപാൽ | സെക്രട്ടറി | 01-04-2022 | 28-12-2022 |
| ശ്രീമതി റീന വർഗ്ഗീസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-12-2022 | 11-01-2023 |
| ശ്രീ. മാർട്ടിൻ ജോർജ്ജ് | സെക്രട്ടറി | 12-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സലിൻ. പി.ആർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ബിനി ജോയി | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഡോ.സരോജ്.എസ് | മെഡിക്കൽ ഓഫീസർ (എഫ്. എച്ച്. സി) | 01-04-2022 | 31-03-2023 |
| ഡോ. ജെൻസി.എ.ജെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി ദേവി.എസ്.കുമാർ | വി.ഇ.ഒ (കോതനെല്ലൂർ) | 01-04-2022 | 31-03-2023 |
| ശ്രീമതി ദിവ്യ ദാസൻ | വി.ഇ.ഒ (മാഞ്ഞൂർ) | 01-04-2022 | 31-03-2023 |
| ശ്രീമതി മിനികുമാരി.പി.എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ശ്രീമതി.ഗൗരിപ്രിയ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15-01-2023 | 31-03-2023 |
| ശ്രീ.അജിത്കുമാർ.ഇ.റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) | 01-04-2022 | 28-01-2023 |
| ശ്രീമതി രജനി.ഇ | അസിസ്റ്റന്റ് എഞ്ചിനിയർ ഇൻ ചാർജ്ജ് | 29-01-2023 | 02-02-2023 |
| ശ്രീ. അനീഷ്.റ്റി.എ | അസിസ്റ്റന്റ് എഞ്ചിനിയർ ഇൻ ചാർജ്ജ് | 03-02-2023 | 31-03-2023 |
| ശ്രീതി രശ്മി പി.രാജൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ശ്രീജ രാധാകൃഷ്ണൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 30-04-2022 |
| ശ്രീ.സതീഷ് കുമാർ.കെ.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-05-2022 | 23-05-2023 |
| ശ്രീ.സിബിമോൻ.ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 24-05-2022 | 31-03-2023 |
| ഡോ. അനു ജോസഫ്.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി റീന വർഗ്ഗീസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.ഷിനോയ് തോമസ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |

(06.01.2023 മുതൽ 14.01.2023 വരെ ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തിക ഒഴിവ്)

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ജനറൽ ഫണ്ട് വിശദാംശം ലഭ്യമല്ല | 1-1-3 |
| 5 | ബാങ്ക് ബുക്ക് ബാലൻസ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | നിലവിലില്ലാത്ത അക്കൗണ്ടുകളിൽ നീക്കിയിരിപ്പായി തുക അവശേഷിക്കുന്നു | 1-1-5 |
| 7 | ദുരിതാശ്വാസനിധി നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ലോൺ തിരിച്ചടവ് വാർഷികകണക്കുകളിൽ പ്രതിഫലിച്ചില്ല | 1-1-7 |
| 9 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകകൾ അഡ്വാൻസ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-8 |
| 10 | പ്രയർ പീരീഡ് ആയി ക്രമീകരിച്ച തുകകളുടെ കൃത്യത വ്യക്തമല്ല. | 1-1-9 |
| 11 | ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശങ്ങളില്ല | 1-1-10 |
| 12 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-11 |
| 13 | ഡി.സി.ബി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത വ്യക്തമല്ല | 1-1-13 |
| 15 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-14 |
| 16 | ബജറ്റ്-വിശകലനം | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഫണ്ട് വിനിയോഗം | 1-4 |
| 19 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 20 | ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം | 1-11 |
| 26 | നിലവിലില്ലാത്ത അക്കൗണ്ടുകളിൽ നീക്കിയിരിപ്പ് തുകകൾ അവശേഷിക്കുന്നു | 1-12 |
| 27 | കാലാവധി കഴിഞ്ഞ ചെക്ക് പണമാകാതെ അവശേഷിക്കുന്നു | 1-13 |
| 28 | മൊബൈൽടവറിന് കുറഞ്ഞ മേൽക്കൂരയ്ക്ക് ബാധകമായ ഇളവ് നൽകി | 1-14 |
| 29 | മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ | 1-15 |
| 30 | ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു | 1-16 |
| 31 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-17 |
| 32 | വാടക കുടിശിക -ഈടാക്കിയിട്ടില്ല. | 1-18 |
| 33 | അധികവിഭവ സമാഹരണം | 1-19 |
| 34 | ലൈബ്രറി സെസ്സ് അടവാക്കിയിട്ടില്ല. | 1-20 |
| 35 | മുൻകൂർ നൽകിയ ഒരു കോടി രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-21 |
| 36 | ലൈഫ് ലോൺ-സ്രോതസിൽ നിന്നും അധികം തുക കുറവ് ചെയ്തു | 1-22 |
| 37 | വക്കീൽ ഫീസ്- അധികം തുക നൽകി | 1-23 |

| | | |
|---|---|---|
| 38 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയപ്രോജക്ടുകളിലെ തനത് ഫണ്ട് ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല. | 1-24 |
| 39 | തുടർസാക്ഷരതാ പ്രവർത്തനം - കോസ്റ്റ് പൂർത്തിയായതിന്റെ രേഖകളില്ല. | 1-25 |
| 40 | വിവിധ വാർഡുകളിൽ ബോർവെൽ നിർമ്മാണം - വിനിയോഗവിവരം ലഭ്യമായില്ല. | 1-26 |
| 41 | എസ്.റ്റി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - ഊരുകൂട്ടം ശുപാർശ ചെയ്തില്ല. | 1-27 |
| 42 | ലൈഫ് മിഷൻ ഗുണഭോക്താവിന്റെ കരാർ ലംഘനം - റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചില്ല. | 1-28 |
| 43 | കിണർ ശുചിത്വകിണറാക്കൽ - അപാകതകൾ. | 1-29 |
| 44 | അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ 76178 രൂപ അവശേഷിക്കുന്നു -വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-30 |
| 45 | കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ–കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല | 1-31 |
| 46 | ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമ കേന്ദ്രങ്ങൾ - നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ച് പ്രയോജനപ്രദമാക്കിയില്ല. | 1-32 |
| 47 | മാലിന്യ സംസ്കരണം - തുടർനടപടികൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-33 |
| 48 | കുടിവെള്ള പദ്ധതികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 1-34 |
| 49 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ–പ്രോജക്ട് തയ്യാറാക്കിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചില്ല. | 1-35 |
| 50 | ക്യാൻ കോട്ടയം -സമഗ്രക്യാൻസർ നിയന്ത്രിത പരിപാടി തുടർപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-36 |
| 51 | സി സി ടി വി അറ്റകുറ്റപ്പണി- അറ്റകുറ്റപ്പണിയ്ക്കായി നാളിതുവരെ ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല | 1-37 |
| 52 | കുറുപ്പന്തറ ബസ് സ്റ്റാന്റിന്റെ പ്രവർത്തനം-കോടതി വിധി പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-38 |
| 53 | ലൈഫ് ഭവന പദ്ധതി - അവലോകനം | 1-39 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക- ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ. | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. മാഞ്ഞൂർ ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 07/07/2023 തീയതിയിലെ 2(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 22/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാഞ്ഞൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-2 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല**

2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

**1-1-3 ജനറൽ ഫണ്ട് വിശദാംശം ലഭ്യമല്ല**

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

**1-1-4 ബാങ്ക് ബുക്ക് ബാലൻസ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല**

എസ്.ബി.ഐ ഇ-പേമെന്റ് അക്കൗണ്ടിലെ 31.03.2023 ലെ നീക്കിയിരിപ്പ് RP 40(b ) ഷെഡ്യൂൾ പ്രകാരം 2820273 രൂപയാണ്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ 31.03.2023 ലെ പൊരുത്തപ്പെടുത്തൽ പത്രിക പ്രകാരം ബാങ്ക് ബുക്ക് ബാലൻസ് 2820278 രൂപയാണ്. ആയതിനാൽ പ്രസ്തുത അക്കൗണ്ടിന്റെ 31.03.2023 ലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.

**1-1-5 നിലവിലില്ലാത്ത അക്കൗണ്ടുകളിൽ നീക്കിയിരിപ്പായി തുക അവശേഷിക്കുന്നു**

നിലവിലില്ലാത്ത ബാങ്ക് അക്കൗണ്ടുകളിൽ താഴെ പറയും പ്രകാരം നീക്കിയിരിപ്പ് തുകകൾ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു.

| ക്രമ നം. | അക്കൗണ്ട് വിശദാംശം | വാർഷിക കണക്കുകൾ പ്രകാരം 31.03.23 നീക്കിയിരിപ്പ് |
|---|---|---|
| 1 | Nationalised Bank Account Of Own Revenue Fund | 51315 |
| 2 | South Indian Bank Life Mission Loan Account | 1660 |

ആയതിനാൽ വാർഷികകണക്കുകൾ പ്രകാരമുള്ള ആകെ നീക്കിയിരിപ്പ് തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.

**1-1-6 ദുരിതാശ്വാസനിധി നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല**

ദുരിതാശ്വാസ നിധി അക്കൗണ്ടിൽ B17 ഷെഡ്യൂൾ പ്രകാരം 31.03.23 ലെ നീക്കിയിരിപ്പ് 25194 രൂപയാണ്. എന്നാൽ B-2 ഷെഡ്യൂളിൽ പ്രസ്തുതയിനത്തിൽ 30894 രൂപയാണ് ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തിട്ടുള്ളത്.

**1-1-7 ലോൺ തിരിച്ചടവ് വാർഷികകണക്കുകളിൽ പ്രതിഫലിച്ചില്ല**

രാജീവ് ഗാന്ധി ഭവന പദ്ധതി ലോൺ തുകയിൽ 4360000 രൂപ മുൻ വർഷം തിരിച്ചടയ്ക്കുവാൻ അവശേഷിച്ചിരുന്നു. തൻ വർഷം 1340000 രൂപ തിരിച്ചടയ്ക്കുകയും 31.03.23 ൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക 3020000 രൂപയുമാണ്. എന്നാൽ 31.03.23 ൽ പ്രസ്തുത ലോണിനത്തിൽ ബാദ്ധ്യതയായി അവശേഷിക്കുന്ന തുക 4360000 രൂപ തന്നെയാണ്. തൻ വർഷത്തെ ലോൺ തിരിച്ചടവ് വാർഷികകണക്കുകളിൽ പ്രതിഫലിച്ചില്ല.

**1-1-8 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകകൾ അഡ്വാൻസ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല**

വിവിധ വാർഡുകളിൽ ബോർവെൽ നിർമ്മാണത്തിനായി തൻ വർഷം 1000000 രൂപ ഗ്രൗണ്ട് വാട്ടർ

വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ബാൽസ് ഷീറ്റിലെ ബി-18 ഷെഡ്യൂളിൽ പ്രസ്തുത തുകകൾ ഉൾപ്പെട്ടിട്ടില്ല.

### 1-1-9 പ്രയർ പീരീഡ് ആയി ക്രമീകരിച്ച തുകകളുടെ കൃത്യത വ്യക്തമല്ല.

തൻ വർഷം പ്രയർ പീരീഡ് ഇൻകം, എക്സ്പെൻസ് ആയി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമല്ല.

### 1-1-10 ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശങ്ങളില്ല

2022-23 ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്യപ്പെട്ട 52.49 ലക്ഷം രൂപയുടെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല.

### 1-1-11 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

### 1-1-12 ഡി.സി.ബി വാർഷികകണക്കുകളുമായി പൊരുത്തപെടുന്നില്ല

വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ലൈസൻസ്, തൊഴിൽ നികുതി,വാടക രജിസ്റ്ററുകളിൽ ഡി.സി.ബി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

### 1-1-13 ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത വ്യക്തമല്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activity ആയി രേഖപ്പെടുത്തിയ തുകയും തുല്യമല്ലാത്തതിനാൽ മേൽ പത്രികയുടെ കൃത്യത വ്യക്തമല്ല.

### 1-1-14 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ് ,നോട്സ് ഓൺ അക്കൗണ്ട്സ് എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

### 1-2 ബജറ്റ്-വിശകലനം

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ21.03.2022ലെ 1/1-ാം നം തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ20.03.2023 1/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു.

| ഇനം | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |
| മുന്നിരിപ്പ് | 58,11 ,713 | 53,90,088 |
| വരവ് | 25,88,92,000 | 30,52,35,000 |
| ആകെ | 26,47,03,713 | 310,625,088 |
| ചെലവ് | 26,12,09,500 | 30,28,95,627 |
| നീക്കിയിരിപ്പ് | 34,94,213 | 77,29,461 |

ബജറ്റ് പ്രകാരം 30.52 കോടി രൂപ വരവും 30.28 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 15.62 കോടി രൂപയും ചെലവ് 16.03

കോടി രൂപയുമാണുള്ളത്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 10235567 |
| ഓഡിറ്റ് വർഷത്തെ വരവ് | 41982357 |
| ആകെ | 52217924 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 40943270 |
| നീക്കിയിരിപ്പ് | 11274654 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 156276893 |
| ആകെ ചെലവ് | 160350792 |
| വരുമാന നഷ്ടം | (4073899) |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | (156294) |
| അറ്റ വരുമാനനഷ്ടം | (4230193) |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1869316 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18442000 | 18442000 | 17352761 | 1089239 | 94 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5197000 | 5197000 | 4806429 | 390571 | 92 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 201000 | 201000 | 201000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 30504000 | 30504000 | 20277817 | 10226183 | 66 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5818000 | 5818000 | 2507057 | 3310943 | 43 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 3087059 | 9364534 | 12451593 | 5419114 | 7032479 | 43 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 128628 | 3611780* | 3740408 | 3686954 | 53454 | 98 |
| ഐ.സി.ഡി.എസ് | 0 | 1478042 | 1478042 | 1203801 | 274241 | |
| ശുചിത്വമിഷൻ ഗ്രാന്റ് | 180000 | 575290 | 755290 | 755290 | 0 | |
| സാക്ഷരത | 4481 | 123 | 4604 | 0 | 4604 | |
| ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ) | 0 | 268341 | 268341 | 46072 | 222269 | |
| ഹെൽത്ത് ഗ്രാന്റ് (വെൽനെസ് സെന്റേഴ്സ്) | 0 | 136927 | 136927 | 106213 | 30714 | |

* ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ പലിശ 161410/- രൂപ ഉൾപ്പെടെ

1.വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി.റ്റി.എസ്.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 2207561/- രൂപ, 519725/- രൂപ, 27899/- രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

2.ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

3.യഥാർത്ഥത്തിൽ ചെലവില്ലാത്ത ബില്ലുകൾ ചെലവായി രേഖപ്പെടുത്തൽ വരുത്തിയതിനാൽ വികസന ഫണ്ട് (എസ്.സി.പി), സംരക്ഷണ ഗ്രാന്റ് (റോഡിതരം) എന്നീ ഫണ്ടുകളുടെ സുലേഖ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലെ ചെലവിനേക്കാൾ യഥാക്രമം 18033/-, 265590/- രൂപ കൂടുതലായാണ് സാംഖ്യ എ.സി.ആറിൽ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

8. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 161410/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷിക ധനകാര്യ പത്രിക എന്നിവയിൽ പ്രതിഫലിച്ചിട്ടില്ല

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷിക പദ്ധതി അവലോകനം

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ( 2022-27) ഒന്നാം വാർഷിക പദ്ധതിയ്ക്ക് (2022-23) ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 82898/22/DPC/DPO/KTM തീയതി 22.03.23 പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ

ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി |
|---|---|
| ആസൂത്രണസമിതിയോഗം | 17.05.22 |
| വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി | 06.06.2022 |
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 27.05.2022 ---30.05.2022 |
| ഊരുകൂട്ടയോഗം | 01.06.22 |
| ഭിന്നശേഷിഗ്രാമസഭ | 02.06.22 |
| വികസനസെമിനാർ | 16.06.2022 |

2022-23 വർഷംവിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 13905783 | 5559885 | 39 |
| വെറ്ററിനറി സർജൻ | 7 | 7 | 2984224 | 2283424 | 76 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 8 | 7 | 2604733 | 2150545 | 83 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 700000 | 700000 | 100 |
| ഫിഷറീസ് സബ്ഇൻസ്പെക്ടർ | 1 | 1 | 240000 | 240000 | 100 |
| വി.ഇ.ഒ I | 9 | 9 | 18227904 | 8254119 | 45 |
| ഐ.സി.ഡി.എസ് -സൂപ്പർവൈസർ | 6 | 6 | 10202817 | 6016110 | 59 |
| സെക്രട്ടറി | 40 | 28 | 12506436 | 8571467 | 69 |
| ഹെഡ്മാസ്റ്റർ | 3 | 3 | 620650 | 617250 | 99 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 118 | 65 | 52498090 | 25083111 | 48 |
| വി.ഇ.ഒ II | 6 | 6 | 54979800 | 7017400 | 13 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2380000 | 1811204 | 76 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 1329773 | 1300973 | 98 |
| ആകെ | 213 | 147 | 173330210 | 69755488 | 48 |

അസി.എഞ്ചിനീയറെ നിർവ്വഹണം ഏൽപ്പിച്ച 118 പ്രോജക്ടുകളിൽ 65 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. അസി.എഞ്ചിനീയർ 2.5 കോടി രൂപ ചെലവഴിച്ചു.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും

സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ട സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

ഉത്പാദനമേഖലയിലെ പ്രോജക്ടുകൾ എല്ലാം തന്നെ നവകേരളം കർമ്മപദ്ധതി-2ന്റെ ഭാഗമായ ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ടായിരുന്നു നടപ്പിലാക്കിയത്. ടേക്ക് എ ബ്രേക്ക്, എം സി എഫ് നവീകരിക്കൽ, വിവിധ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം എന്നീ പ്രോജക്ടുകൾ പൂർത്തീകരണഘട്ടത്തിൽ എത്തിയെങ്കിലും ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

**ശുചിത്വ ഗ്രാമസൃഷ്ടിക്ക് പതിനാലാം പദ്ധതി വിഭാവനം ചെയ്യുന്നു.**

ജൽജീവൻ മിഷൻ പദ്ധതി വഴി 2024 വർഷത്തോടെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനും ലൈഫ് ഭവന പദ്ധതി വഴി എല്ലാവർക്കും സുരക്ഷിതമായ ഭവനം ഉറപ്പുവരുത്തുന്നതിനും 14-ാം പഞ്ചവത്സര പദ്ധതി പ്രത്യേക പരിഗണന നൽകുന്നു. ഗ്രാമീണ പാതകൾ സഞ്ചാരയോഗ്യമാക്കുന്നതും തെരുവുവിളക്കുകളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. പ്രകൃതി ദുരന്തങ്ങളെയും കാലാവസ്ഥാ വ്യതിയാനത്തെയും അതിജീവിക്കാനുതകുന്ന ദുരന്തനിവാരണ പദ്ധതിയും പദ്ധതിയുടെ ലക്ഷ്യമാണ്.

പ്രോജക്ടുളുടെ നിർവഹണ ഘട്ടങ്ങളിൽ മോണിട്ടറിംഗ് ഉണ്ടായിട്ടില്ല എന്നത് വാർഷികപദ്ധതിയുടെ പരിമിതിയാണ്. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പാക്കാൻ കഴിയൂ.
സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനത്തിൽ താഴെപ്പറയും പ്രകാരം ആകെ 1.50 കോടി രൂപ ലാപ്സായിട്ടുണ്ട്

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 18442000 | 17352761 | 1089239 |
| | 5197000 | 4806429 | 390571 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 30504000 | 20277817 | 10226183 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 5818000 | 2507057 | 3310943 |
| ആകെ | | | **15016936.00** |

## 1-6 ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 327 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 18 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 26 കുടുബങ്ങൾക്ക് ദിവസം തൊഴിൽ ലഭിച്ചു. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 886പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 57926 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 186 അയൽക്കൂട്ടങ്ങളിൽ 128 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, തോട് ആഴം കൂട്ടി തടയണനിർമ്മാണം, കയർഭൂവസ്ത്രം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | 36,896 | |
| വരവ് | EFMS വരവ് | 21614524.90 | 22766822.90 |

| | | | |
|---|---|---|---|
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ) | 1115402 | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 17549885 | 22765281.50 |
| | വിദഗ്ധതൊഴിലാളികളുടെ വേതനം | 1356474 | |
| | ഉപകരണങ്ങളുടെ വില, വാടക | 2708165.90 | |
| | ഭരണചെലവുകൾ(ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 1150756.60 | |
| | നീക്കിയിരുപ്പ് | 1541.40 | |

31/03/2023 ബാലൻസ് ഷീറ്റ് പ്രകാരം 14,74,753/- രൂപ തൊഴിലുറപ്പിന് മുൻകൂർ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് നടപടി ക്രമങ്ങൾ കൃത്യമാണ്.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2880 | 4 |
| വാർദ്ധക്യകാലപെൻഷൻ | 34375000 | 2807 |
| കർഷകതൊഴിലാളി പെൻഷൻ | 1991800 | 157 |
| വിധവാപെൻഷൻ | 8865200 | 730 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 850600 | 71 |
| വികലാംഗപെൻഷൻ | 3662600 | 274 |
| മിശ്ര വിവാഹിതർക്കുള്ള വിവാഹ ധനസഹായം | 75000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2023 തീയതിയിൽ 3.10 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4920/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

ഗ്രാമപഞ്ചായത്തിൽ ഓഫീസ് ഉത്തരവ് പ്രകാരം കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ച് നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ്

മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് 2022-23വർഷത്തിൽ തയ്യാറാക്കിയിട്ടില്ല..

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സിൽ എല്ലാ പ്രൊക്യൂർമെന്റിലും എടുത്ത തീരുമാനങ്ങൾ രേഖപ്പെടുത്തുന്നില്ല. വാടക കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നത് തൃപ്തികരമല്ല. പ്രോജക്ടുകൾ മോണിട്ടറിംഗ് ചെയ്യുന്നില്ല.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.07.2022 | 03/2022 | ലഭ്യമായില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.11.2018 | 2017-18 | എൽ ബി എ എച്ച് ക്യൂ II/ I/8A -138/2018-19 |

**1-11 ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം**

വിവിധ സേവനങ്ങൾക്കും നികതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 67397730583 എന്ന എസ്.ബി.ഐ. കറണ്ട് അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ പേമെന്റിനായി സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടിൽ വരവ് രസീത് ചെയ്ത ശേഷം തുക അക്കൗണ്ടിൽ ക്രഡിറ്റാകുന്നതിന് വളരെയധികം കാലതാമസം നേരിടുന്നതായി പരിശോധനയിൽ കാണുന്നു. പഞ്ചായത്തിന്റെ മേൽപറഞ്ഞ ഓൺലൈൻ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടിന്റെ മാർച്ച്-2023 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 31/03/2023 വരെ രസീത് ചെയ്തതിൽ 56062/-(cheque Deposited But Not Cleared) രൂപ ലഭിക്കുവാനുണ്ട്. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം നേരിടുന്ന വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 04/16.12.23) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന് ഓൺലൈനായി ലഭിക്കുന്ന വരവുകൾ കാലതാമസമില്ലാതെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് വകുപ്പ് തലത്തിൽ IKM മായി ബന്ധപ്പെട്ട് യുക്തമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

**1-12 നിലവിലില്ലാത്ത അക്കൗണ്ടുകളിൽ നീക്കിയിരിപ്പ് തുകകൾ അവശേഷിക്കുന്നു**

വാർഷികകണക്കുകളിലെ RP 40(b) ഷെഡ്യൂൾ പ്രകാരം നിലവിലില്ലാത്ത അക്കൗണ്ടുകളിൽ താഴെ ചേർക്കും പ്രകാരം ബാലൻസ് തുകകൾ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു.

| ക്രമ നം. | അക്കൗണ്ട് വിശദാംശം | നീക്കിയിരിപ്പ് |
|---|---|---|

| | | |
|---|---|---|
| 1 | National Bank Account Of Own Revenue Fund | 51315 |
| 2 | SOUTH INDIAN BANK LIFE MISSION LOAN ACCOUNT(0639073000000127) | 1660 |

മേൽ അക്കൗണ്ടുകൾ RP40(b) ലെ പ്രാരംഭ ബാക്കിയിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്, പൊരുത്തപ്പെടുത്തൽ പത്രികകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/18.12.23) ILGMS ലെ Technical Error മൂലമാണ് ക്രമനം.1 ലെ അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെട്ടതെന്നും ആയത് പരിഹരിക്കുന്നതിന് IKM ൽ കംപ്ലയിന്റ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ക്രമ നം.2 ലെ അക്കൗണ്ടിൽ തുക ബാലൻസ് വന്നത് ഫ്രണ്ട് ഓഫീസിൽ റസീപ്റ്റ് ചെയ്ത അക്കൗണ്ട് തെറ്റായി സെലക്ട് ചെയ്തത് മൂലമാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വാർഷികണക്കുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 കാലാവധി കഴിഞ്ഞ ചെക്ക് പണമാകാതെ അവശേഷിക്കുന്നു

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, റക്കൺസിലിയേഷൻ പത്രിക എന്നിവ പരിശോധിച്ചതിൽ കേരള ഗ്രാമീൺ ബാങ്ക് കുറുപ്പന്തറ ശാഖയിൽ (A/c.No. 40562100000523) 30.09.2020 ലെ 120010500033 നമ്പർ രസീത് പ്രകാരം നിക്ഷേപിച്ച (കുറുപ്പന്തറ സി.എച്ച്.സി യിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുന്നതിനായി മെഡിക്കൽ ഓഫീസർ സമർപ്പിച്ചത്) 24750 രൂപയുടെ ചെക്ക് (നം.0830455/29.09.2020) നാളിതുവരെ പണമാകാതെ അവശേഷിക്കുന്നതായി കാണുന്നു.

Reserve Bank Of India യുടെ DBOD.AML BC.No.47/ 14.01.001/2011-12 സർക്കുലർ പ്രകാരം ചെക്കുകളുടെ കാലാവധി 3 മാസം ആണ്. പ്രസ്തുത ചെക്ക് തുക നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ വരവ് വരാത്തതിന് വിശദീകരണവും സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.01/16.12.23) സി.എച്ച്.സി യിലെ ജീവനക്കാരുടെ 2020-21 ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കുന്നതിനായി സമർപ്പിച്ച ട്രഷറി ചെക്ക് BIMS മുഖേന സമർപ്പിക്കുന്നതിന് തിരികെ നൽകിയെന്നും പ്രസ്തുത തുക നാളിതുവരെ അടവാക്കിയിട്ടില്ലെന്നും തുക ലഭ്യക്കുന്നതിന് മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. അടിയന്തിരമായി പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 മൊബൈൽടവറിന് കുറഞ്ഞ മേൽക്കൂരയ്ക്ക് ബാധകമായ ഇളവ് നൽകി

വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ഭാരതി എയർടെൽ ലിമിറ്റഡ് കമ്പനിയുടെ മൊബൈൽ ടവറിന്റെ വസ്തുനികുതി പരിഷ്കരിച്ചപ്പോൾ കുറഞ്ഞ മേൽക്കൂരയ്ക്ക് ബാധകമായ ഇളവ് (10%) നൽകിയതുമൂലം നികുതി ഇനത്തിൽ എല്ലാ വർഷവും 250 രൂപ ആവർത്തന നഷ്ടം വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി (ച.മീ.500 രൂപ നിരക്കിൽ) | മേൽക്കൂരയുടെ അടിസ്ഥാനത്തിൽ നൽകിയ ഇളവ്(10%) | നിർണ്ണയിച്ച അടിസ്ഥാന നികുതി(കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിലുള്ള ഇളവ്) 10% ഉൾപ്പെടെ |
|---|---|---|---|---|
| VIII/551 | 5 ച.മീ | 5X500=2500 | 250 | 2000 |

ഇപ്രകാരം മൊബൈൽ ടവറിന് കുറഞ്ഞ തരം മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള ഇളവ്

നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/19.12.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ ടവറിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-15 മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ**

സുമ്മിത് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള2 മൊബൈൽ ടവറുകൾക്ക് തൻ വർഷം വസ്തുനികുതി നിർണ്ണയിച്ചപ്പോൾ സ്ഥാപനം സമർപ്പിച്ച പൂർത്തീകരണ പ്ലാനിലെ മുഴുവൻ വിസ്തീർണ്ണത്തിനും നികുതി നിർണ്ണയിക്കാത്തതിനാല് നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | നികുതി നിർണ്ണയത്തിന് കണക്കാക്കിയ വിസ്തീര്ണ്ണം | നിർണ്ണയിച്ച അടിസ്ഥാന നികുതി (500/ച.മീ) | പൂർത്തീകരണ പ്ലാൻ പ്രകാരം വിസ്തീർണ്ണം | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി (500/ച.മീ) | അടിസ്ഥാന നികുതിയിലെ കുറവ് |
|---|---|---|---|---|---|---|
| 1 | XII/161 A | 21.62 ച.മീ | 10810 | 25.72 ച.മീ | 12860 | 2050 |
| 2 | VI/231 A | 25 ച.മീ | 12500 | 25.75 ച.മീ | 12860 | 360 |

ക്ര നം.1ൽ ടവർ ബേസിന്റെ മാത്രം വിസ്തീർണ്ണമായ 21.62 ചതുരശ്രമീറ്റർ Plinth Area കണക്കാക്കിയാണ് അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചത് എന്ന് സഞ്ചയ ഫോറം-6 ൽ നിന്ന് വ്യക്തമാകുന്നു. മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിന് കണക്കിലെടുക്കുന്ന ഭാഗങ്ങൾ സംബന്ധിച്ച് തദ്ദേശ ഭരണ വകുപ്പിന്റെ 26/02/2022 ലെ ആർ.ഡി.3/94/2020 നം. സർക്കുലർ പ്രകാരം മൊബൈൽ ടവറുകളുടെ പ്രവർത്തനത്തിന് ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ എന്നിവ അനിവാര്യമായതിനാൽ ടവറുകളുടെ നികുതി നിർണ്ണയിക്കുന്നതിന് ടവർ ബേസ് വിസ്തീർണ്ണം, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നിവ കണക്കിലെടുക്കേണ്ടതാണ്.

മേൽ ടവറുകളുടെ നികുതി നിർണ്ണയ ഫയലിൽ കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ Pinth Area എന്നത് O.D. BTS-1.7 ചതുരശ്ര മീറ്റർ, D.G – 2.4 ചതുരശ്ര മീറ്റർ, Tower Base- 21.62 ചതുരശ്ര മീറ്റർ എന്നിവയുൾപ്പടെ 25.72 ചതുരശ്ര മീറ്റർ ആണ് ആകെ വിസ്തീർണ്ണം .എന്നാൽ ക്രമ നം. 1 ൽ 21.62 ച.മീറ്ററും ക്രമ നം. 2 ൽ 25 ച.മീറ്ററുമാണ് നികുതി നിർണ്ണയത്തിന് പരിഗണിച്ചത്. ആയതിനാൽ അടിസ്ഥാന വസ്തുനികുതിയിൽത്തന്നെ ആകെ 2410 (2020+360) രൂപയുടെ കുറവ് വന്നിട്ടുണ്ട്. മേഖലാടിസ്ഥാനത്തിൽ 10% ഇളവുൾപ്പടെയാണ്(ദ്വിതീയ മേഖല) നികുതി നിർണ്ണയിച്ചത്. ഇത്തരത്തിൽ വസ്തുനികുതി നിർണ്ണയത്തിലെ അപാകത മൂലം പഞ്ചായത്തിന് നികുതി വരുമാന നഷ്ടം ഉണ്ടായത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/19.12.23)മറുപടി ലഭ്യമാക്കിയില്ല. മേൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് നികുതി സഞ്ചയയിൽ കൃത്യമാക്കേണ്ടതും കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

**1-16 ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു**

പഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 35 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 55 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ/വിസ്തീർണ്ണം | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി (55 രൂപ/ ച.മീ) | നിർണ്ണയിച്ച അടിസ്ഥാന നികുതി (35 രൂപ/ ച.മീ) | കുറവ് | വർദ്ധനവ് | ഇളവ് | ആകെ നഷ്ടം (സെസ്, ഉൾപ്പെടുത്താതെ) |
|---|---|---|---|---|---|---|---|---|
| തങ്കച്ചൻ ഇമ്മാനുവൽ, കണ്ടനാട്ടിൽ, കോതനെല്ലൂർ | V/464A/29.9<br>V/464 B /29.9<br>V/464 C/85.74<br>V/464 D/29.9<br>V/464 E/29.9<br>V/464 F/19.17<br>V/464 G/30.26<br>V/464 H/31.94<br>V/464 I/77.76 | 364.47 | 20045 | 12756 | 7289 | 1458 | 0 | 8747 |

ഇപ്രകാരം ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/19.12.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-17 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

തൊഴിൽ നികുതി രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2022-23 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി ഇനം | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1 | പോസ്റ്റ് ഓഫീസ്,ചാമക്കാല | ജീവനക്കാരുടെ തൊഴിൽ നികുതി | 1,2 അർദ്ധ വർഷങ്ങൾ |
| 2 | ഇമ്സൺ | സ്ഥാപന തൊഴിൽ | 1,2 അർദ്ധ |

| | | | |
|---|---|---|---|
| | എന്റെർപ്രൈസസ് | നികുതി,ജീവനക്കാരുടെ തൊഴിൽ നികുതി | വർഷങ്ങൾ |
| 3 | ജയ് രാജ് ടിംബേഴ്സ്,കുറുപ്പന്തറ | സ്ഥാപന തൊഴിൽ നികുതി,ജീവനക്കാരുടെ തൊഴിൽ നികുതി | 1-ാം അർദ്ധ വർഷം |
| 4 | അക്ഷയ സെന്റർ കോതനെല്ലൂർ | സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി | 2-ാം അർദ്ധ വർഷം |
| 5 | ഡിവൈൻ ഹോസ്പിറ്റൽ,കുറുപ്പന്തറ | സ്ഥാപന തൊഴിൽ നികുതി | 2-ാം അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(24/20.12.23) ടി സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും നികുതി ഈടാക്കി അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കുടിശ്ശിക പൂർണ്ണമായും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 വാടക കുടിശിക -ഈടാക്കിയിട്ടില്ല.

വാർഷിക കണക്ക് പ്രകാരം 291818/-രൂപ വാടക കുടിശിക നില നിൽക്കുന്നു. വാടക കുടിശികയുടെ വിശദാംശങ്ങൾ വാടകരജിസ്റ്റർ പരിശോധനയിൽ നിന്ന് വ്യക്തമാകുന്നില്ല. കുടിശിക തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-28/20.12.23) മറുപടി ലഭിച്ചില്ല. നിയമാനുസൃത നടപടികളിൽക്കൂടി വാടക കുടിശിക തുക ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-19 അധികവിഭവ സമാഹരണം

1.കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 162 വകുപ്പ്പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ നികുതി പിരിവിനായി ക്യാമ്പ് കളക്ഷനുകൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പിരിവ് പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി 90 ശതമാനത്തിന് മുകളിൽ പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്. എങ്കിലും വസ്തുനികുതിയിനത്തിൽ വാർഷികകണക്കുകൾ പ്രകാരം കുടിശ്ശികയുൾപ്പെടെ 655889 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്.

2.സ.ഉ.(കൈ) 77/2023/തസ്വഭവ തീയതി 22.3.2023 പ്രകാരം 01.04.2023 പ്രാബല്യത്തിൽ മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിന് പുതുക്കിയ വസ്തുനികുതി നിരക്കുകൾ 24.04.2023 ലെ 1/1 നമ്പർഭരണസമിതി തീരുമാനം പ്രകാരം അന്തിമമായി അംഗീകരിക്കുകയും നികുതി ഈടാക്കി തുടങ്ങുകയും ചെയ്തിട്ടുണ്ട്.

3.പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദേശങ്ങൾ അവതരിപ്പിക്കുന്നതിലും ആയത് നടപ്പിലാക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കാര്യമായി ഇടപെടൽ നടത്തിയിട്ടില്ലെന്നു കമ്മിറ്റി മിനിറ്റ്സ് പരിശോധനയിൽ ബോധ്യപ്പെട്ടു. പഞ്ചായത്തിന്റെ റോഡ് മാപ്പ് പരിഷ്കരണ നടപടികൾ നടന്നു വരുന്നു.

4.തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ പിരിച്ചെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ

ഇടപെടലുകൾ നടത്തുന്നുണ്ട്. തൊഴിൽ നികുതി ഏകദേശം പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ട്.

5.വാടക തുക ഗ്രാമപഞ്ചായത്ത് പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല. വാർഷികകണക്കുകൾ പ്രകാരം 291818 രൂപ തൻവർഷ കുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.

6.ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, സ്വിമ്മിംഗ് പൂളുകൾ,ജിംനേഷ്യങ്ങൾ എന്നിവയെ നികുതി പരിധിയിൽ കൊണ്ടുവന്ന് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്.

7.ഗ്രാമപഞ്ചായത്തിന്റെ ഓൺലൈൻ പേമെന്റ്, POS മെഷീൻ എന്നിവയുള്ള ബാങ്ക് അക്കൗണ്ടുകളിൽ 40 ലക്ഷം രൂപയോളം ബാലൻസ് ഉണ്ട്. ആയത് പലിശ രഹിത കറന്റ് അക്കൗണ്ടുകളാണ്. കറന്റ് അക്കൗണ്ടുകളിൽ അധികം തുക നീക്കിയിരിപ്പ് വരാതെ നിശ്ചിത കാലയളവിൽ തുകകൾ സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റി പലിശയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. കൂടാതെ ഓരോ സാമ്പത്തികവർഷാവസാനത്തിലും തനത് ഫണ്ട് അക്കൗണ്ടിലെ മിച്ചതുകയിൽനിന്ന് ഒരു നിശ്ചിത തുക (പഞ്ചായത്തിന്റെ ദൈനംദിന ആവശ്യങ്ങൾ കഴിഞ്ഞുള്ളത്) സ്ഥിരനിക്ഷേപമാക്കിമാറ്റി പലിശയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കാവുന്നതാണ്.

താരതമ്യേന തനത് വരുമാനം കുറഞ്ഞ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

**1-20 ലൈബ്രറി സെസ്സ് അടവാക്കിയിട്ടില്ല.**

വാർഷിക കണക്ക് പ്രകാരം 2021-22രണ്ടാം അർദ്ധവർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ 666,992.60/-രൂപ ലൈബ്രറി സെസ്സ് ഇനത്തിൽ കുടിശിക യുണ്ട്. ടി തുക ലൈബ്രറികൺസിൽ അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം -18/18.12.23) മറുപടി ലഭിച്ചില്ല. ലൈബ്രറി സെസ്സ് അടവാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

**1-21 മുൻകൂർ നൽകിയ ഒരു കോടി രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു**

2022-23 വർഷത്തെ വാർഷികകണക്കുകളിലെ ബി-18 ഷെഡ്യൂൾ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മുൻകൂറായി നൽകിയിട്ടുള്ള വലിയ തുകകൾ നാളിതുവരെ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|
| 1 | 460500202 -Deposit With Kerala Electricity Board | 3876169 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുക |
| 2 | 460500204-Deposit With Ground Water Department | 1374221 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുക |
| 3 | 460500399- | 3437670 | വിവിധ ആവശ്യങ്ങൾക്ക് |

| | | | |
|---|---|---|---|
| | Advance To Other Authorised Agencies | | നൽകിയ തുകകൾ. കൃത്യമായ വിശദാംശങ്ങൾ ലഭ്യമല്ല |
| 4 | 460500801-Advance To MGNREGS | 1474753 | MGNREGS ഭരണചെലവുകൾകൾക്ക് നൽകിയ തുക |
| | ആകെ | 10162813 | |

മുൻ വർഷത്തെ ബാലൻസ് ഷീറ്റിലും ഇത്തരത്തിൽ വലിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത മുൻകൂർ തുകകൾ നാളിതുവരെ ക്രമീകരിക്കാതെ അവശേഷിക്കുന്നതിനും ക്രമീകരിക്കാൻ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/16.12.23) മറുപടി ലഭ്യമാക്കിയില്ല. എല്ലാത്തരം അക്രഡിറ്റഡ് ഏജൻസികൾ മുഖേനയും നടത്തുന്ന നിക്ഷേപ പ്രവൃത്തികൾക്കായി പ്രദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുക അതാത് വർഷം തന്ന പ്രോജക്റ്റ് പൂർത്തീകരണത്തിനായി ചെലവഴിക്കേണ്ടതാണെന്നും പ്രോജക്റ്റ് പൂർത്തീകരിക്കാത്തതിനെ തുടർന്ന് ചെലവഴിക്കാത്ത തുക അതാത് വർഷം തന്നെ പ്രാദേശിക സർക്കാരുകൾ സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്നും 09/03/2023 ലെ സ.ഉ.(കൈ) നം.38/2023/ധന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.മേൽ സാഹചര്യത്തിൽ ഡെപ്പോസിറ്റ് ചെയ്ത വലിയ തുകകൾ നിർവ്വഹണ ഏജൻസികളിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതും മേൽ തുകകളുടെ കൃത്യത പരിശോധിച്ച് തുകകൾ അടിയന്തിരമായി ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-22 ലൈഫ് ലോൺ-സ്രോതസിൽ നിന്നും അധികം തുക കുറവ് ചെയ്തു

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പ്രകാരം ലൈഫ് ഭവന പദ്ധതിയുടെ ലോൺ ഇനത്തിൽ തിരിച്ചടയ്ക്കുവാൻ അവശേഷിച്ചിരുന്ന തുക800000രൂപ ആയിരുന്നു.തൻവർഷം വായ്പ എടുത്തിട്ടില്ല. എന്നാൽ വായ്പ തിരിച്ചടവായി 1441185/- രൂപ വികസന ഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത് അടവാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വികസന ഫണ്ട് അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക | | | ആകെ വായ്പ തിരിച്ചടവ് |
|---|---|---|---|---|
| | ജനറൽ | SCP | TSP | |
| സ.ഉ.(സാധാ) നം.6872/2022/ധന തീയതി 12/10/2022 | 446780 | 259862 | 13950 | 720592 |
| സ.ഉ.(സാധാ) നം.1049/2023/ധന തീയതി 13/02/2023 | 446781 | 259863 | 13949 | 720593 |
| ആകെ | 893561 | 519725 | 27899 | 1441185 |

ഇത്തരത്തിൽ ആകെ തിരിച്ചടയ്ക്കാൻ അവശേഷിച്ചിരുന്ന ലോൺ തുകയേക്കാൾ641185 രൂപ തൻ വർഷം സോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്(1441185-800000). ആയത് തൻ വർഷ ബാൽൻസ് ഷീറ്റിലെ ബി-5 ഷെഡ്യൂളിൽ നെഗറ്റീവ് തുകയായി ഉൾപ്പെട്ടിട്ടുണ്ട്. അധികമായി വായ്പ തുക സ്രോതസ്സിൽ കുറവ് ചെയ്തത് തിരികെ ക്രമീകരിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/16.12.23) മറുപടി ലഭ്യമാക്കിയില്ല.

അധികമായി കുറവ് ചെയ്ത തുക തിരികെ ലഭ്യമാക്കുവാൻ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-23 വക്കീൽ ഫീസ്- അധികം തുക നൽകി**

വൗച്ചർ നം-2200997/25.02.23

തുക 20000/-

വഴിയിലേക്ക് ഇറങ്ങി മതിൽ കെട്ടുന്നത് സംബന്ധിച്ച് വൈക്കം മുൻസിഫ് കോടതിയിൽ ചാക്കോ പത്രോസ്, കുനൻഹൗസ്, മേമുറി എന്നയാൾ പഞ്ചായത്തിനെതിരെ (Os53/2017) സമർപ്പിച്ച ഹർജിയിൽ മേൽ നടത്തിയ വ്യവഹാരനടപടികൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും അഡ്വ. ഷാജി പി കെ ക്ക് വക്കീൽ ഫീസ് ഇനത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെ 18.01.23 9(1) നമ്പർ തീരുമാന പ്രകാരം 20000/-രൂപ വക്കീൽ ഫീസായി നൽകിയിട്ടുണ്ട്.18/02/16 ലെ സ.ഉ(എം.എസ്)36/16/ത.സ്വ.ഭ.വ പ്രകാരം കേസ് നടത്തിപ്പിനായി ഒരു കേസിന് വക്കീലിന് നൽകാവുന്ന പരമാവധി ഫീസ് 15000 രൂപയാണ്. വകുപ്പ് അധ്യക്ഷന്റെ അനുമതിയോട് കൂടി 50000/- രൂപ വരെ അനുവദിക്കാമെന്നുണ്ടെങ്കിലും അനുമതി തേടിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി വക്കീൽ ഫീസ് ഇനത്തിൽ അധികമായി തുക നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-25.12.23) മറുപടി ലഭിച്ചില്ല. അതിനാൽ അധികം നൽകിയ തുകയ്ക്ക് വകുപ്പ് അദ്ധ്യക്ഷനിൽ നിന്ന് സാധൂകരണം വാങ്ങി വിവരം അറിയിക്കുന്നതുവരെ അധികം ചെലവഴിച്ച 5000/-രൂപ തടസ്സപ്പെടുത്തുന്നു.

**1-24 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയപ്രോജക്ടുകളിലെ തനത് ഫണ്ട് ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല.**

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾക്ക് പ്ലാൻഫണ്ട്, ബ്ലോക്ക്ഷെയർ, തനത് ഫണ്ടിൽ നിന്നും ആകെ 3639885/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ തനത്ഫണ്ടിൽ നിന്ന് ചെലവഴിച്ച 338830/-രൂപയിൽ 201475/-രൂപയുടെ ചെലവ് സാധൂകരിക്കുന്ന രേഖകൾ ലഭ്യമായില്ല. പ്രോജക്ട് ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ | | |
|---|---|---|---|
| പ്രോജക്ട് | ചെലവ് തുക | ബിൽനമ്പർ | റിമാർക്സ് |
| നെൽകർഷകർക്ക് കൂലി ചെലവ്സബ്സിഡി (21/23) | 502115/-പ്ലാൻഫണ്ട് | 1/22-23/18.5.22 | |
| | 46725/-തനത്ഫണ്ട് | 22200532/24.9.22 | 46725/-ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല. |
| **ആകെ ചെലവ്** | **548840/-** | | |
| സമഗ്രനെൽകൃഷിവികസനം (205/23) | 800000/-പ്ലാൻഫണ്ട് | 9/22-23/31.3.23<br>10/22-23/31.3.23<br>11/22-23/31.03.23 | |
| | 998940/-ബ്ലോക്ക് ഷെയർ | 5/22-23/22.12.22<br>6/22-23/21.12.22<br>7/22-23/21.12.22<br>8/22-23/6.1.23 | |
| | 144750/തനത്ഫണ്ട് | 22201073/20.3.23 | 144750/-ചെലവിനെ സാധൂകരിക്കുന്ന |

| | | | |
|---|---|---|---|
| | | | രേഖകൾ ലഭ്യമല്ല. |
| **ആകെ ചെലവ്** | **1943690/-** | | |
| നെൽവിത്ത് വിതരണം (203/23) | 1000000/-പ്ലാൻഫണ്ട് | 2/22-23/7.11.22<br>4/22-23/21.12.22 | |
| | 147355/-തനത്ഫണ്ട്. | 22201072/20.03.23 | 10000/-ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല. |
| **ആകെ** | **1147355/-** | | |

മേൽ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-27/20.12.23) പട്ടികയിൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടുകൾക്ക് ചെലവഴിച്ച് 338830/- രൂപയിൽ 201475/-രൂപയുടെ ചെലവിനെ സാധൂകരിക്കുന്നരേഖകൾ ലഭിച്ചില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ 201475/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-25 തുടർസാക്ഷരതാ പ്രവർത്തനം – കോഴ്സ് പൂർത്തിയായതിന്റെ രേഖകളില്ല.**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ,ഗവ.എൽ പി സ്കൂൾ |
| പ്രോജക്ട് നം /പേര് | 168/22-23 തുടർസാക്ഷരതാ പ്രവർത്തനം |
| അടങ്കൽ | 20650/-(വികസന ഫണ്ട് ജനറൽ ) |
| ചെലവ് | 20650/-(വികസന ഫണ്ട് ജനറൽ ) |
| ബിൽ നം /തീയതി | 3/17.1.23 = 20650/- |

ഹയർസെക്കന്ററി തുല്യതാപരീക്ഷയ്ക്കായി കോഴ്സ് ഫീ ഇനത്തിൽ 2200/- രൂപ നിരക്കിൽ 7 പഠിതാക്കൾക്ക് 15400/- രൂപയും പത്താം ക്ലാസ്സ് തുല്യതാപരീക്ഷയ്ക്കായി കോഴ്സ് ഫീ ഇനത്തിൽ 1750/- രൂപ നിരക്കിൽ 3 പഠിതാക്കൾക്ക് 5250/- രൂപയും സംസ്ഥാന സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്. പഠിതാക്കൾ കോഴ്സിന് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

എന്നാൽ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതിന്റെയോ കോഴ്സ് പൂർത്തിയാക്കിയതിന്റെയോ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പഠിതാക്കൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 5/17.12.23 ) നൽകുകയുണ്ടായി. പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ പഠിതാക്കൾ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതിന്റെയോ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതിന്റെയോ രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല. അതിനാൽ 20650/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-26 വിവിധ വാർഡുകളിൽ ബോർവെൽ നിർമ്മാണം – വിനിയോഗവിവരം ലഭ്യമായില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 10/23 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 10,00000/- |
| ചെലവ് | 10,00000/- |
| ധനസ്രോതസ് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നം. | 251/13.02.2023 |

വാർഡ് 8, 11, 12, 15 എന്നിവിടങ്ങളിൽ ബോർവെൽ കുഴിക്കാൻ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ 10,00000/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കരാർ വ്യവസ്ഥപ്രകാരം പ്രവൃത്തി 1.3.23 ന് ആരംഭിച്ച് 31.3.24 ൽ പൂർത്തിയാക്കണം. പ്രോജക്റ്റ് നിലവിൽ പൂർത്തിയായിട്ടുണ്ടെങ്കിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/17.12.23) മറുപടി ലഭ്യമായില്ല. പ്രോജക്റ്റ് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ആയതിലേക്കായി 10,00000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 എസ്.റ്റി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - ഊരുകൂട്ടം ശുപാർശ ചെയ്തില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 193/23 |
| നിർവഹണോദ്യോഗസ്ഥ | അസി.സെക്രട്ടറി |
| അടങ്കൽ | 29672/- |
| ചെലവ് | 29672/- |
| ധനസ്രോതസ് | വികസനഫണ്ട് - റ്റി എസ് പി |

എസ്.റ്റി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ എന്ന പ്രോജക്റ്റിനായി തൻവർഷം ആർട്കോയിൽ നിന്ന് 4945.3 /- രൂപ നിരക്കിൽ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. 7.3.23 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം നമ്പർ 1(6) പ്രകാരം ജറോം അരുൺ ചിറത്തടത്തിൽ എന്ന കുട്ടിക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ കുട്ടിയുടെ പേര് ഊരുകൂട്ടം ശുപാർശ ചെയ്തില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8/17.12.23) മറുപടി ലഭ്യമായില്ല. മറുപടി ലഭ്യമാക്കുന്നതിലേക്കായി ടി കുട്ടിക്ക് നൽകിയ പഠനോപകരണത്തിന്റെ തുകയായ 4945/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ലൈഫ് മിഷൻ ഗുണഭോക്താവിന്റെ കരാർ ലംഘനം - റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചില്ല.

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം എസ്.സി. ഗുണഭോക്താവായ ശ്രീമതി. കൊച്ചുമോൾ വിജയൻ, അനന്തുഭവൻ, മേമ്മുറി പി.ഒ എന്നയാൾ 16/07/2019-ൽ എഗ്രിമെന്റ് വെച്ചിട്ടുള്ളതും 30/07/2019-ൽ ആദ്യ ഗഡുവായ 40,000/- രൂപ കൈപ്പറ്റിയിട്ടുള്ളതാണ്. എന്നാൽ ടിയാൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതാണ്. നിലവിൽ ടിയാൾ എഗ്രിമെന്റ് വെച്ച സ്ഥലം വിൽപന നടത്തിയതായും കമ്മിറ്റി വി.ഇ.ഒ യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തി.

ടിയാൾ കരാർ പ്രകാരം പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് 15.06.22ലെ 7(1) തീരുമാനം പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് കമ്മിറ്റി അംഗീകരിച്ച തീരുമാനിച്ചു. സ്വീകരിച്ച തുടർനടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/17.12.23 ) മറുപടി ലഭ്യമായില്ല. തുക ഈടാക്കിയശേഷം വിവരം അറിയിക്കേണ്ടതാണ്.

## 1-29 കിണർ ശുചിത്വകിണറാക്കൽ - അപാകതകൾ.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 200/23 |
| ചെലവ് , ഫണ്ടിനം | 358200/-<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>1800/-<br>തനത് ഫണ്ട് |
| ബിൽ നമ്പർ, തീയതി | 37/12.12.22 = 32000/- |

| | | |
|---|---|---|
| | | 43/13.12.22= 8000/-<br>47,48/23.12.12 = 32000/-<br>50, 52/10.1.23 = 40000/-<br>55/9.2.23 = 104000/-<br>58/17.2.23 = 56000/-<br>59/24.2.23 = 32000/-<br>63/7.3.23 = 8000/-<br>66/27.3.23 = 40000/-<br>75/31.3.23 = 6200/- |
| | നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ മാഞ്ഞൂർ |

പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**1) വിശദമായ മൂല്യനിർണ്ണയമില്ല.**

മേൽ പ്രോജക്റ്റ് പ്രകാരം 45 ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിലേക്ക് കിണർ ശുചിത്വകിണറാക്കിയതിന്റെ തുക ഓവർസിയറുടെ വാല്യുവേഷനനുസരിച്ച് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 115/2022 /ത.സ്വ.ഭ.വ തീയതി 28.5.22 ഖണ്ഡിക 6.6 (4) പ്രകാരം എൽ.എസ്.ജി.ഡി ഓവർസിയർ നൽകിയ വിശദമായ എസ്റ്റിമേറ്റും അളവും രേഖപ്പെടുത്തിയതിനനുസരിച്ച് ആനുകൂല്യം നൽകാമെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ചെയ്ത വർക്കുകൾ എന്തെന്ന് രേഖപ്പെടുത്താതെ ആകെ തുക മാത്രം രേഖപ്പെടുത്തിയ വാല്യുവേഷനാണ് നൽകിയിരിക്കുന്നത് .

2) 10.2.23 ലെ 7(2) നമ്പർ തീരുമാനപ്രകാരം വാർഡ് 11 ലെ എ.ജെ ജോസഫ് എള്ള്പുറത്ത് എന്ന വ്യക്തിക്കും വാർഡ് 15 ലെ ജിൻസ് ജോസഫ് നടുപ്പറമ്പിൽ എന്ന വ്യക്തിക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. ടി വ്യക്തികൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/20.12.23) ശുചിത്വകിണറാക്കൽ പ്രോജക്ടിന് ഗുണഭോക്താക്കളുടെ എണ്ണം കൂടുതലുള്ളതിനാലാണ് വിശദമായ മൂല്യനിർണ്ണയം ഒഴിവാക്കിയതെന്നും വരും വർഷങ്ങളിൽ അപാകത ആവർത്തിക്കില്ല എന്നും മറുപടി ലഭ്യമാക്കി. മറുപടി അംഗീകരിക്കുന്നു. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

ഗുണഭോക്തൃലിസ്റ്റിലില്ലാത്ത രണ്ട് വ്യക്തികളുടെ പേര് തൊട്ടടുത്ത ഗ്രാമസഭയിൽ സാധൂകരിക്കുമെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമസഭാസാധൂകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-30 അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ 76178 രൂപ അവശേഷിക്കുന്നു -വിശദീകരണം ലഭ്യമാക്കേണ്ടതാണ്.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഉൾപ്പെട്ട തനത് ഫണ്ട് വിഹിതം നല്കുന്നതിനുള്ള തുക, അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വസിഷൻ പ്രകാരം ചെക്ക് മുഖേന അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കുകയും അസിസ്റ്റന്റ് എഞ്ചിനീയർ ഈ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് കരാറുകാർക്ക് ചെക്ക് പ്രകാരം നല്കുകയുമാണ് ചെയ്യുന്നത്. ഈ ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള കടുത്തുരുത്തി എസ് ബി ഐ യുടെ 67345873078 നമ്പർ അക്കൗണ്ടിൽ 03/11/22ൽ 76178 രൂപ നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ വ്യക്തമല്ല. ഇതു സംബന്ധിച്ച് മുൻവർഷത്തെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ആയതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല. പ്രസ്തുത തുക ഏത് ആവശ്യത്തിന് ലഭിച്ച തുകയാണെന്ന് പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടതും തുക ക്രമീകരിക്കേണ്ടതുമാണ്.

**1-31 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ-കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല**

സ്യൂട്ട് രജിസ്റ്റർ പ്രകാരം2001-2002മുതൽ അൻപതോളം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്കോടതികൾ, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ പൂർണ്ണമായും എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ പഞ്ചായത്ത് വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന വസ്തുതഎല്ലാ കേസുകളിലും വ്യക്തമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെ (1,22,500/-രൂപ ഓഡിറ്റുവർഷം ചെലവഴിച്ചത്) കൃത്യതയും വ്യക്തമല്ല.

ഓഡിറ്റുവർഷം ചെലവഴിച്ച തുകയുമായി ബന്ധപ്പെട്ട് നടത്തിയ കേസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതു കൂടാതെ നിലവിൽ വിചാരണ പൂർത്തീകരിയ്ക്കാത്ത കേസുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി നിശ്ചിത ഫോമാറ്റിൽ സ്യൂട്ട് രജിസ്റ്റർ തയ്യാറാക്കി ലഭ്യമാക്കേണ്ടതാണ്.

**1-32 ടേക്ക് എ ബ്രേക്ക് – വഴിയോരവിശ്രമ കേന്ദ്രങ്ങൾ – നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ച് പ്രയോജനപ്രദമാക്കിയില്ല.**

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | SO31/23 'TAKE A BREAK' -പൊതു കക്കൂസ് അനുബന്ധ സൌകര്യങ്ങൾ |
| അടങ്കൽ | 1400000/- |
| ചെലവ് | 637246/-(ചെക്ക് നം-JN 3120719/15.06.22) |
| ഫണ്ട് | സംസ്ഥാനാവിഷ്കൃത ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എൻജിനീയർ |




സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ,

തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതു ശുചിമുറികൾ സ്ഥാപിക്കുക (വഴിയിട വിശ്രമകേന്ദ്രം) എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 2020-21 വർഷം 1400000 രൂപ (ശുചിത്വ മിഷൻ ഫണ്ട്) അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി. കുറുപ്പന്തറ കവലയിലും കുറുപ്പന്തറകടവിലും ഓരോ യൂണിറ്റുകൾ പണിയുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടും 2021- 22 വർഷം പ്രോജക്ട് പൂർത്തിയായില്ല. കുറുപ്പന്തറ കവലയിൽ ഒരു യൂണിറ്റ് നിർമ്മിച്ചതിന് കരാറുകാരന് ഭാഗിക തുക നൽകിയിട്ടുണ്ട് (2022-23 വർഷം). നിലവിൽ ടോയ് ലെറ്റ് നിർമ്മിച്ചിരിക്കുന്നത് മാഞ്ഞൂർ വില്ലേജിന്റെ സമീപത്ത് റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ്. ഇതിന് വകുപ്പിന്റെ നിരാക്ഷേപസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. കുറുപ്പന്തറ കടവിലെ സ്ഥലം അനുയോജ്യമല്ലാത്തതിനാൽ നിർദ്ദിഷ്ട സ്ഥലത്തെ നിർമ്മാണം ഉപേക്ഷിച്ച് പകരമായി കുറുപ്പന്തറ ബസ്സ്റ്റാൻഡിലെ ടോയിലെറ്റ് സമുച്ചയം റിപ്പയർ ചെയ്യുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് 18/02/22 ലെ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. കൃത്യമായ മുന്നൊരുക്കമില്ലാതെ പ്രോജക്ടുകൾ തയ്യാറാക്കിയതിനാലാണ് നാളിതുവരെ പ്രോജക്ട് പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത്. നിലവിൽ നിർമ്മിച്ചിരിക്കുന്ന യൂണിറ്റിന്റെ കെട്ടിടനിർമ്മാണം മാത്രമാണ് പൂർത്തിയായിട്ടുള്ളത്. 19.12.2023-ൽ നടത്തിയ ഭൗതിക പരിശോധനയിൽ പ്ലംബിങ് വർക്കുകൾ ചെയ്തിരുന്നുവെങ്കിലും വാട്ടർ കണക്ഷൻ ലഭിച്ചിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. ടി കെട്ടിടം ഫലപ്രദമായി ഉപയോഗിക്കുന്നതിനാവശ്യമായ ഇലക്ട്രിഫിക്കേഷന് ആവശ്യമുള്ള ഇനങ്ങൾ, ജലലഭ്യത സംബന്ധിച്ച വിവരങ്ങൾ എന്നിവ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ജി.ഒ(എംഎസ്)362/2013 തസ്വഭവ 16.11.13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. തുടർനടപടികൾ സ്വീകരിച്ച് ടോയ്‌ലെറ്റ് പ്രവർത്തനക്ഷമമാക്കി പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26/20.12.23) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതു വരെ ഓഡിറ്റ് വർഷം ചെലവഴിച്ച 637246/-തടസ്സപ്പെടുത്തുന്നു.

**1-33 മാലിന്യ സംസ്കരണം - തുടർനടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ചും, 1986 ലെ പരിസ്ഥിതി (സംരക്ഷണം) നിയമത്തിൻ കീഴിൽ 2016 ലെ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളുടെ വ്യവസ്ഥകൾ പ്രകാരവും പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തിനുള്ള അധികാരവും ഉത്തരവാദിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 219 ഇ വകുപ്പ് അനുസരിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ സ്ഥാപനത്തിന്റെ സ്വത്തായിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന രീതികളിൽ അവ നിർമ്മാർജ്ജനം ചെയ്യാനോ സംസ്കരിക്കാനോ, അന്തിമമായി അവ നീക്കം ചെയ്യുന്നതിനോ ഉള്ള ചുമതല തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് ഉണ്ടായിരിക്കുന്നതാണ്. സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ ഹരിത കേരള മിഷന്റെ ദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. ജി.ഒ(സാധാ)2420/17/തസ്വഭവ/ 15.07.2017 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് മാലിന്യ

നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കേണ്ടത്. മേൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിലും പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ചിട്ടുണ്ട്. മേൽ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനായി ഗ്രാമപഞ്ചായത്തിൽ 2021 ഒക്ടോബർ മാസത്തിൽ ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 24പ്രവർത്തകർ ആണ് ഹരിതകർമ്മസേനയിൽ ഉള്ളത്.




മുഴുവൻ ജനങ്ങളെയും മാലിന്യസംസ്കരണം സംബന്ധിച്ച് ബോധവൽക്കരണം നടത്തി പദ്ധതിയിലേക്ക് ആകർഷിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച നടത്തപ്പിലാക്കേണ്ടതാണ്. ജനപ്രതിനിധികളും ആരോഗ്യ ശുചിത്വ സാമൂഹിക പ്രവർത്തകരും ഹരിതകർമ്മ സേനാംഗങ്ങളോടൊപ്പം എല്ലാ വീടുകളിലും കയറി ബോധവൽക്കരണം നടത്തുകയും എല്ലാ ജനങ്ങളെയും ഹരിതകർമ്മസേനാ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും ചെയ്യുന്നത് നന്നായിരിക്കും.

<u>സ്ഥാപനത്തിന്റെ സ്ഥിരമായ എം.എസി.എഫ് യൂണിറ്റിന് സ്ഥലപരിമിതി</u>

28.09 ച. കി. മീറ്റർ വിസ്തൃതിയും27888(പദ്ധതി രേഖ പ്രകാരം) ഓളംജനസംഖ്യയും , 730 (സഞ്ചയ സ്റ്റോറ്റ് വെയറിലെ വിവരങ്ങൾ പ്രകാരം) ഓളം വാണിജ്യ വ്യവസായ സ്ഥാപനങ്ങളും ഉള്ള ഗ്രാമപഞ്ചായത്തിൽ സ്ഥിരമായ എം.സി.എഫ് യൂണിറ്റിന് സ്ഥലപരിമിതിയുണ്ട്. ബെയിലിംഗ് യൂണിറ്റ് ഷ്റെഡിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനോ ഹരിതകർമ്മസേന പ്രവർത്തകർക്ക് അജൈവ മാലിന്യം വേർതിരിക്കുന്നതിനോ സൌകര്യമില്ല.

<u>മാലിന്യം ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനും സ്വന്തമായി വാഹനമില്ല</u>

നിലവിൽ പതിനെട്ട് വാർഡുകൾ ഉള്ള ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യം നീക്കം ചെയ്യുന്നതിനുള്ള വാഹനസൌകര്യം ഏർപ്പെടുത്തിയിട്ടില്ല.

<u>സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -നടപ്പിലാക്കിയിട്ടില്ല</u>

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സുതാര്യവും, ലളിതവുമാക്കുന്നതിന് നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ക്യൂ.ആർ കോഡ് അധിഷ്ഠിതപ്പെടുത്തിയുള്ള പ്രവർത്തനത്തിൽ വാസഗൃഹങ്ങൾ, വാണിജ്യ - വ്യവസായ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത പ്രവർത്തനം പൂർണ്ണമാക്കുകയാണെങ്കിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം, കൃത്യമായ ഇടവേളകളിൽ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും, മാലിന്യം കത്തിക്കൽ, വലിച്ചെറിയൽ തുടങ്ങിയ പരാതികൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, തുടർ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നു. കൂടാതെ നികുതി വരുമാനവുമായി ബന്ധപ്പെട്ട സ്രോതസിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനും ഇതിലൂടെ സാധ്യമാവുന്നതാണ്.

**<u>1-34 കുടിവെള്ള പദ്ധതികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്</u>**

2022-23 ൽ ചുവടെ ചേർക്കുന്ന വിവിധ കുടിവെള്ള പദ്ധതികൾ അസി.എഞ്ചിനീയർ

നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയിട്ടുണ്ട്. ആയവ പൂർത്തീകരിച്ചത്/തുടർപ്രോജക്ടുകളിലൂടെ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് നം / പ്രോജക്ട് | വകയിരുത്തിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ഫണ്ടിനം | പ്രോജക്ട് പ്രകാരം നിർവ്വഹിച്ച പ്രവൃത്തി |
|---|---|---|---|---|---|
| 1 | 39/23, കുടിവെള്ള പദ്ധതി (വാർഡ് 15) | 798000 | 228226 | ധനകാര്യ കമ്മീഷൻ അവാർഡ് | പമ്പ് ഹൌസ് സ്ഥാപിയ്ക്കൽ |
| 2 | 48/23 , കുടിവെള്ള പദ്ധതി (വാർഡ് 11) | 500000 | 495560 | ധനകാര്യ കമ്മീഷൻ അവാർഡ് | കിണർ നിർമ്മാണം |
| 3 | 6/23, കാഞ്ഞിരത്താനം കുടിവെള്ള പദ്ധതി | 680000 | 603778 | ധനകാര്യ കമ്മീഷൻ അവാർഡ് | പമ്പിംഗ് മെയിൻ , വിതരണ ലൈൻ സ്ഥാപിച്ചു . |
| 4 | 38/23 , കുടിവെള്ള പദ്ധതി (വാർഡ് 16) | 500000 | 499498 | ധനകാര്യ കമ്മീഷൻ അവാർഡ് | നിലവിലുള്ള കിണർ മെയിന്റനൻസ് , ആഴം കൂട്ടൽ |

കുടിവെള്ള പദ്ധതികൾ സംബന്ധിച്ച താഴെ പറയുന്ന അധിക വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

. കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി

. മറ്റ് ഏജൻസികളുടെ (ജില്ലാപഞ്ചായത്ത്,ബ്ലോക്ക് പഞ്ചായത്ത് )പങ്കാളിത്തം

. കുടിവെള്ള പദ്ധതികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിശദാംശങ്ങൾ

. മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരം

മേൽ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിനായി തുടർ വർഷം സ്പിൽ ഓവർ പ്രോജക്ട് രൂപീകരിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങളും, കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (34/21.12.23) മറുപടി ലഭ്യമാക്കിയില്ല.

മേൽ പരാമർശിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ പൂർത്തീകരിച്ചവ ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതും, പൂർത്തീകരിക്കാനുള്ളവ പൂർത്തീകരിക്കാൻ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുമാണ്.

## 1-35 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ-പ്രോജക്ട് തയ്യാറാക്കിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചില്ല.

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും,

ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് നടപ്പാക്കിയ റോഡ് പ്രവൃത്തികളുമായി ബന്ധപ്പെട്ട പ്രോജക്ട് ഫയലുകളിൽ റോഡ് കണക്ടിവിറ്റി മാപ്പ് ഉൾപ്പെടുത്തിയിട്ടില്ല. റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് നടത്തുന്നതിന് Kerala State Remote Sensing And Environment Centre (KSREC) തയ്യാറാക്കിയിട്ടുള്ള R-Track മൊബൈൽ ആപ്ലിക്കേഷൻ മുഖേന ഫീൽഡ് വർക്ക് ചെയ്ത് ഡാറ്റാ എൻട്രി പൂർത്തിയാക്കി ആസ്തി രജിസ്റ്റർ പുതുക്കുന്നതിനായി 2022-23 വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിലും നടപ്പാക്കിയില്ല. പ്രോജക്ട് നടപ്പാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 ക്യാൻ കോട്ടയം -സമഗ്രക്യാൻസർ നിയന്ത്രിത പരിപാടി തുടർപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം/ പ്രോജക്ടിന്റെ പേര് | 217/23 ക്യാൻ കോട്ടയം -സമഗ്രക്യാൻസർ നിയന്ത്രിത പരിപാടി |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,എഫ് .എച്ച് സി |
| വകയിരുത്തിയ തുക | 500,00( Plan General) |
| ചെലവു തുക | 7721/-( 331/20.03.2023) |

- ടി പദ്ധതി പ്രകാരം വിവിധ രീതിയിലുള്ള ക്യാൻസർ ടെസ്റ്റ് നടത്തുന്നതിനായി 7721/-രൂപ ചെലവഴിച്ച് മരുന്നും, മറ്റ് ഉപകരണങ്ങളും എക്സിലിർ ഇന്റർനാഷണൽ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്, അസോസിയേറ്റഡ് ഡിസ്ട്രിബ്യൂട്ടേഴ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
- പഞ്ചായത്തിലെ എല്ലാ വീടുകളിലും ആശാ പ്രവർത്തകരുടെ നേതൃത്വത്തിൽ സന്ദർശിച്ച് ക്യാൻസർ ബോധവൽക്കരണം നടത്തുകയും 30വയസ്സിനു മേലുള്ളവരുടെ രോഗസാധ്യത കണ്ടെത്തുകയും ചെയ്തതിന്റെ വിവരങ്ങൾ
- പ്രാഥമിക തലങ്ങളിൽ ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിലുള്ള പരിശോധന
- ആരോഗ്യപ്രവർത്തകർക്ക് പരിശീലനം നൽകിയതിന്റെ വിവരങ്ങൾ
- അവലോകനയോഗങ്ങൾ സംഘടിപ്പിച്ചതിന്റെ വിവരങ്ങൾ
- രോഗസാധ്യത കണ്ടെത്തിയവരിൽ തുടർചികിത്സ ആരംഭിച്ചതിന്റെ വിവരങ്ങൾ

50000/-രൂപ വകയിരുത്തിയ പ്രോജക്ടിൽ നാളിതുവരെ ചെലവഴിച്ചത് 7721/- രൂപ മാത്രമാണ് ചെലവഴിച്ചത്. 2023-24 വർഷം പ്രോജക്ട് വച്ചിട്ടുമില്ല. വാങ്ങിയ ഉപകരണങ്ങളും മരുന്നും പ്രയോജനപ്പെടുത്തിയതായി രേഖകളും ഹാജരാക്കിയിട്ടില്ല. ആരോഗ്യമേഖലയിലെ പ്രോജക്ടുകൾ കാര്യക്ഷമമാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

## 1-37 സി സി ടി വി അറ്റകുറ്റപ്പണി- അറ്റകുറ്റപ്പണിയ്ക്കായി നാളിതുവരെ ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി സ്ഥാപിക്കപ്പെട്ടിട്ടുള്ള സി.സി.ടി.വി. ക്യാമറകൾ ഒട്ടുമിക്കതും നിലവിൽ പ്രവർത്തനക്ഷമമല്ല. ഇവ പ്രവർത്തനക്ഷമമാക്കി മാലിന്യ നിക്ഷേപം പോലുള്ള സംഗതികളിൽ ഉചിതമായ നിരീക്ഷണ സംവിധാനം ഒരുക്കേണ്ടത് വളരെയധികം അത്യാവശ്യമായ

സംഗതിയാണ് എന്ന് കമ്മിറ്റി വിലയിരുത്തിയിരുന്നു. വർദ്ധിച്ചു വരുന്നപൊതുസ്ഥലത്തെ മാലിന്യനിക്ഷേപം കൊണ്ടുള്ള പ്രശ്നങ്ങളും അവമൂലം ഉണ്ടാകുന്ന പരാതികളും, ടി ക്യാമറകൾ ഉടനടി പ്രവർത്തിപ്പിക്കേണ്ടതിലേയ്ക്കാണ് വിരൽചൂണ്ടിയത്. ആയതിനാൽ കഴിവതും കുറഞ്ഞ ചെലവിൽ ടി ക്യാമറകൾ പ്രവർത്തിപ്പിച്ച് എടുക്കേണ്ടത് എത്രയും അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്. ഇപ്രകാരം ക്യാമറ പ്രവർത്തനക്ഷമമാക്കുന്നതിലേയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വിഭാഗത്തിന് കത്ത് നൽകുന്നതിനും, എസ്റ്റിമേറ്റ് പ്രകാരം ക്യാമറ അറ്റകുറ്റപ്പണികൾക്കായി പദ്ധതി ഏറ്റെടുക്കുന്നതിനും, ടെണ്ടർ/ ക്വട്ടേഷൻ മുഖേന ടി പദ്ധതി നിർവഹിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിന് 20.09.22ലെ കമ്മിറ്റി അംഗീകരിച്ചു തീരുമാനിച്ചിരുന്നു. ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും അറ്റകുറ്റപ്പണി നടത്തിയതിയതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/17.12.23) മറുപടിയായി ക്യാമറകൾ അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കി പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വൻ തുക ചെലവഴിച്ച് വർഷങ്ങൾക്ക് മുൻപ് ഘടിപ്പിച്ച ക്യാമറകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കേണ്ടതാണ്. അധികൃതരുടെ അടിയന്തിര ശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**1-38 കുറുപ്പന്തറ ബസ് സ്റ്റാന്റിന്റെ പ്രവർത്തനം-കോടതി വിധി പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചില്ല**

മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് കുറുപ്പന്തറ ബസ് സ്റ്റാന്റിന്റെ പ്രവർത്തനം സംബന്ധിച്ച് ഡബ്ല്യു.പി.(സി.) 11380/20 നം. കേസിൻമേലുള്ള 26/07/2021ലെ കോടതിവിധി നടപ്പാക്കാത്തതിനെതിരെ കുറുപ്പന്തറ ഗ്രാമവികസന സമിതി സി.ഒ.സി. നം. 1142/22 പരാതി ഫയൽ ചെയ്തിരുന്നു. ഇത് സംബന്ധിച്ച് 30/06/2022ൽ കളക്ടറുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിനെ തുടർന്ന് 01/07/2022 പകൽ 11.00 മണിയ്ക്ക് സെക്രട്ടറി, വൈക്കം ആർ.ടി.ഒ., ഡി.വൈ.എസ്.പി. എന്നിവർ നടത്തിയ സംയുക്ത പരിശോധനയിൽ ഉയർന്ന നിർദ്ദേശങ്ങൾ കമ്മിറ്റി വിശദമായി ചർച്ച ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങളിന്മേൽ നടപടികൾ ഉണ്ടാകുന്നതിന് തീരുമാനിച്ചു.

1. പോലീസ് എയിഡ് പോസ്റ്റ് അറ്റകുറ്റപ്പണികൾ നടത്തുക
2. ബസ് സ്റ്റാന്റിൽ രാത്രി കാലങ്ങളിൽ വെളിച്ചം ഉറപ്പാക്കുക
3. നിലവിലുള്ള വെയിറ്റിംഗ് ഷെഡ് മാറ്റി കിഴക്കുഭാഗത്ത് ആധുനിക വെയിറ്റിംഗ് ഷെഡ്ഡ് നിർമ്മിക്കുക
4. ടോയ്‌ലെറ്റ് മെയിന്റനൻസ് നടത്തുക
5. പുതിയ ടോയ്‌ലെറ്റ് തുറന്നു കൊടുക്കുക
6. പരിസരം വൃത്തിയാക്കുക
7. ചരക്കു വണ്ടികൾ (പഴക്കുല, കൈതച്ചക്ക മുതലായവ) സ്റ്റാന്റിൽ പ്രവേശിക്കുന്നതിന് സമയനിയന്ത്രണം ഏർപ്പെടുത്തുക
8. ടാക്സികൾക്ക് ആവശ്യമെങ്കിൽ ഒതുങ്ങിയ പാർക്കിംഗ് ഇടം നൽകുക
9. ഓട്ടോ സ്റ്റാന്റ് മാറ്റുക.
10. മരങ്ങൾ കൊമ്പുകോതി ഒതുക്കുക / വെട്ടിമാറ്റുക

ടി നിർദ്ദേശങ്ങൾ ഒന്നൊന്നായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി താഴെ പറയുന്ന വിധം നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചിരുന്നു.

1. കെ.എസ്.ഇ.ബി. നിക്ഷേപിച്ചിട്ടുള്ള സാധന സാമഗ്രികൾ ഉടനടി നീക്കം ചെയ്യിക്കുക
2. ഷട്ടറിനുള്ളിൽ ഒതുങ്ങിനിന്നുകൊണ്ട് മാത്രം വ്യാപാര പ്രവൃത്തികൾ നടത്തുന്നു എന്ന് ഉറപ്പാക്കുക

3. വെളിച്ചം ഉറപ്പാക്കുന്നതിന് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് എം.എൽ.എ./എം.പി. ഫണ്ട് തേടുക. അടിയന്തിരമായി തെരുവ് വിളക്ക് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുക.

4. പോലീസ് എയിഡ് പോസ്റ്റ് നവീകരിച്ച് പ്രവർത്തനം പുനരാരംഭിക്കുക.

5. ടോയ്‌ലറ്റ് നവീകരണം, വൃത്തിയാക്കൽ എന്നീ പ്രവൃത്തികൾ ചെയ്ത് കുടുംബശ്രീയെ തുടർനടത്തിപ്പ് ഏൽപ്പിക്കുക.

6. അന്യവാഹനങ്ങളുടെ പ്രവേശനം,പാർക്കിംഗ് എന്നിവ തടയുന്നതിന് അറിയിപ്പ് ബോർഡ് സ്ഥാപിക്കണം.

7. അനധികൃത ബോർഡുകൾ നീക്കം ചെയ്യണം.

8. അസ്സി. എൻജിനിയർ എൽ.എസ്.ജി.ഡി.യുടെ ഫിറ്റ്നെസ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ വെയിറ്റിംഗ് ഷെഡ് നിലവിലെ സ്ഥാനത്തു നിന്നും പൊളിച്ചു മാറ്റി സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് പുനസ്ഥാപിക്കുക.

9. ടാക്സി സ്റ്റാന്റ് പുനക്രമീകരിച്ച് ബസ് സ്റ്റാന്റിൽ കയറി ഇറങ്ങുന്നതിന് തടസ്സമില്ലാത്ത വിധം ഒതുങ്ങിയ രീതിയിൽ പുനക്രമീകരിക്കുക.

10. ഓട്ടോ സ്റ്റാന്റ് നിലവിലെ സ്ഥലത്തുനിന്നും മാറ്റി ക്രമീകരിക്കുക.

11. നിരീക്ഷണ ക്യാമറ അറ്റകുറ്റപ്പണി ചെയ്ത് പ്രവർത്തനക്ഷമമാക്കുക.

ടി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിന് 2.7.22 ലെ കമ്മിറ്റി അംഗീകരിച്ചു തീരുമാനിച്ചിരുന്നു. കമ്മറ്റി തീരുമാനത്തിന്റെ തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/17.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽസൂചിത കമ്മറ്റി തീരുമാനങ്ങളിൽ മേൽ അടിയന്തിര നടപടി കൈക്കൊള്ളുന്നതാണെന്ന് 20.12.2023-ൽ നടത്തിയ സമാപനയോഗത്തിൽ കമ്മറ്റി അറിയിച്ചു. കോടതി ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കുറുപ്പന്തറ ബസ് സ്റ്റാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-39 ലൈഫ് ഭവന പദ്ധതി - അവലോകനം

ലൈഫ് ഭവന പദ്ധതി നിർവ്വഹണത്തിനായി തൻവർഷം ജനറൽ ( പ്രോജക്ട് നമ്പർ 27/23 , 56/23 ) എസ്.സി ( പ്രോജക്ട് നമ്പർ 60/23 , 28/23) വിഭാഗങ്ങൾക്കായി നാല് പ്രോജക്ടുകൾ നടപ്പാക്കി. ഫേസ് 2, 3 ഗുണഭോക്താക്കൾക്കും ലൈഫ് 2020 ൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്കുമാണ് ടി പ്രോജക്ടിലൂടെ ആനുകൂല്യം നൽകിയത്.

ഫേസ് 2, 3 , അഡീഷണൽ ലിസ്റ്റ് .

ഫേസ് 2, 3 എന്നിവയിൽ ജനറൽ, എസ്.സി വിഭാഗങ്ങളിലായി 68 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിരുന്നു. ആയതിൽ 62 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തിയാക്കി. ചുവടെ ചേർത്തിരിക്കുന്ന 6 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | നൽകിയ തുക | സ്റ്റേജ് |
|---|---|---|---|
| 1 | കൊച്ചുമോൾ വിജയൻ, ആനന്ദഭവൻ | 40000 | അഡ്വാൻസ് തുക |
| 2 | നീതു മൈലാക്കൽ | 40000 | അഡ്വാൻസ് തുക |
| 3 | രാധാവിജയൻ കാലാക്കൽ | 300000 | റൂഫ് |
| 4 | ഹൃദ്യാമോൾ നെല്ലാനിക്കാട് | 40000 | അഡ്വാൻസ് |

| | | | തുക |
|---|---|---|---|
| 5 | സീനാ റോയ് ചിറതലക്കൽ | 300000 | റൂഫ് |
| 6 | സരളരാമൻകുട്ടി ശ്രീവിഹാർ | 300000 | റൂഫ് |

**ലൈഫ് 2020 ജനറൽ**

പുതിയ ലൈഫ് ഭവനപദ്ധതിയിൽ നാളിതുവരെ 58 പേർ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടു. 6 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കി. മറ്റ് ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

**ലൈഫ് 2020 എസ്.സി.പി**

പുതിയ ലൈഫ് ഭവനപദ്ധതിയിൽ നാളിതുവരെ 16 പേർ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടു. 7 പേർ ഭവനനിർമ്മാണം പൂർത്തിയാക്കി. ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തികരിച്ചശേഷം വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക- ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 07/07/2023-ലെ 2(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 16/12/2023, തീയതിയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| കോട്ടയം | 360000 | ലൈഫ് ഭവന പദ്ധതി -ജനറൽ(56/23) | 360000 | 0 |

| | | | | |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 96000 | ലൈഫ് ഭവന പദ്ധതി -ടി.എസ്.പി(59/23) | 96000 | 0 |
| | 679914 | ലൈഫ് ഭവന പദ്ധതി -എസ്.സി.പി (60/23) | 679914 | 0 |
| | 349692 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (165/23) | 349692 | 0 |
| | 100000 | അനുപൂരക പോഷകാഹാരം(17/23) | 100000 | 0 |
| | 120398 | ക്ഷീരകർഷകർക്ക് പാൽ ഇൻസെന്റീവ് (208/23) | 120398 | 0 |
| **ആകെ** | **1706004** | **ജില്ല പഞ്ചായത്ത് വിഹിതം** | **1706004** | **0** |
| ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 998940 | സമഗ്ര നെൽകൃഷി വികസനം(205/23) | 998940 | 0 |
| | 329000 | ലൈഫ് ഭവന പദ്ധതി -ടി.എസ്.പി (59/23) | 329000 | 0 |
| | 769986 | ലൈഫ് ഭവന പദ്ധതി -എസ്.സി.പി (60/23) | 769986 | 0 |
| | 186000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (165/23) | 186000 | 0 |
| | 543306 | ക്ഷീരകർഷകർക്ക് പാൽ ഇൻസെന്റീവ് (208/23) | 543306 | 0 |
| **ആകെ** | **2827232** | **ബ്ലോക്ക് പഞ്ചായത്ത് വിഹിതം** | **2827232** | **0** |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും മുൻകൂർ നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | മാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ 6,8,9,11,12,13,15 വാർഡുകളിൽ ബോർവെൽ നിർമ്മാണം | 1000000 | 0 | 1000000 |

| | ( 10/23 ) | | | |
|---|---|---|---|---|

അക്കൗണ്ടിംഗ് അപാകത മൂലം പ്രസ്തുത നിക്ഷേപം 31/03/2023 ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ പ്രതിഫലിച്ചിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ.

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| രാജീവ്ഗാന്ധി ഭവനപദ്ധതി | നം 50580/ഡിബി1/14 ത.സ്വ.ഭ.വ 1.8.14 | 4360000 | - | 1340000 | 277837 | 3020000 |
| ലൈഫ് ഭവന പദ്ധതി- കെ യു അർ ഡി എഫ് സി ലോൺ | ജി ഒ(എം.എസ്)68/2018/ൽ എസ് ജി ഡി തീയതി 18.05.2018 | 800,000 | - | 1441185 | - | -641185 |

1.രാജീവ് ഗാന്ധി ഭവന പദ്ധതി ലോൺ തുകയിൽ 4360000/- രൂപ മുൻ വർഷം തിരിച്ചടയ്ക്കുവാൻ അവശേഷിച്ചിരുന്നു. തൻ വർഷം 1340000 രൂപ തിരിച്ചടയ്ക്കുകയും 31.03.23 ൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക 3020000/- രൂപയുമാണ്. എന്നാൽ വാർഷികകണക്കുകളിൽ 31.03.23 ൽ പ്രസ്തുത ലോണിനത്തിൽ ബാദ്ധ്യതയായി അവശേഷിക്കുന്ന തുക 4360000/- രൂപ തന്നെയാണ്. തൻ വർഷത്തെ ലോൺ തിരിച്ചടവ് വാർഷികകണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല.

2.ലൈഫ് ലോണിനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിച്ചിരുന്ന ലോൺ തുകയേക്കാൾ 641185/- രൂപ കൂടുതലായി തൻ വർഷം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട് (800000-1441185). ആയതിനാൽ തൻ വർഷ ബാലൻസ് ഷീറ്റിലെ ബി-5 ഷെഡ്യൂളിൽ ബാലൻസ് ലോൺ തുക നെഗറ്റീവാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ബാലൻസ് ഷീറ്റിലെ ബി-12 ഷെഡ്യൂൾ പ്രകാരം സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം 2022-23 ൽ ലഭ്യമായ റിക്കവറി തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം, ഇനം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം.തീയതി |
|---|---|---|---|---|---|
| 1 | 2012-13 | 2.4.3(1) തൊഴിൽനികുതി | 120 | റ്റി.എസ്.ബിനോ | 1220101650/03.08.22 |
| 2 | 2012-13 | 2.4.3(2) | 250 | ഇ.വി.മരളീദാസ് | 1220101651/03.08.22 |

| | | | | | |
|---|---|---|---|---|---|
| | | തൊഴിൽനികുതി | | | |
| 3 | 2012-13 | 2.4.4(2) തൊഴിൽനികുതി | 480 | മേനേജിംഗ് പാർട്ണർ | 1220101633/03.08.22 |
| 4 | 2012-13 | 2.7 (1) തൊഴിൽനികുതി | 900 | ഐശ്വര്യ ഫിനാൻസേ | 1220103338/09.11.22 |
| 5 | 2017-18 | 2.7 (1) തൊഴിൽനികുതി | 1300 | ശ്രീരാജ്.പി.ബി | 1220104856/05.01.23 |
| 6 | 2013-14 | 2.10.6 ലൈസൻസ് ഫീസ് | 50 | എം.എ.ബേബി | 1220105271/25.01.23 |
| 7 | 2013-14 | 2.10.2 ലൈസൻസ് ഫീസ് | 100 | എ.ജെ.ജെയിംസ് | 1220105239/25.01.23 |
| 8 | 2013-14 | 2.9.5 തൊഴിൽനികുതി | 1200 | അനിൽകുമാർ.പി.എസ് | 1220105484/31.01.23 |
| 8 | 2013-14 | 2.10.4 ലൈസൻസ് ഫീസ് | 900 | കെ.ബി.അപ്പച്ചൻ | 1220105695/04.02.23 |
| 9 | 2017-18 | 2.7.6 | 1370 | സെന്റ് സേവ്യേഴ്സ് ഹോസ്പിറ്റൽ | 1220105724/06.02.23 |
| | 2020-21 | 1.13.9 | 2740 | | |
| | 2021-22 | 1.20.4 | 2740 | | |
| | 2012-13 | 2.13.6 | 500 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ ഓഡിറ്റ് | -- | 2013-14 | 5-3 | വികേന്ദ്രീകൃതാ സൂത്രണവും വ്യവസായ തൊഴിൽ സംരംഭവും | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-5 | 2016-17 | അനുബന്ധം 3 | വസ്തുനികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-6,2-7 | 2016-17 | അനുബന്ധം | തൊഴിൽ | നിയമസഭാ |

| | | | | | |
|---|---|---|---|---|---|
| | | | 4 | നികുതി | സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-3-1,2-3-2,2-3-3 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

**4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം**

ചാർജ്/സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | : | 52217924 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 40943270 |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 156276893 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 160350792 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1869316 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 5000 | മാർട്ടിൻ ജോർജ്ജ്, സെക്രട്ടറി |
| 1-24 | 201475 | സലിൻ പി ആർ, കൃഷി ഓഫീസർ |
| 1-25 | 20650 | ഷിനോയ് തോമസ്, ഹെഡ്മാസ്റ്റർ |
| 1-26 | 1000000 | മാർട്ടിൻ ജോർജ്ജ്, സെക്രട്ടറി |
| 1-27 | 4945 | റീന വർഗ്ഗീസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-32 | 637246 | അജിത് കുമാർ ഇ റ്റി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1869316 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 ചെലവ് | കെ.എസ്.എ.കെറ്റി.എം.പി4/അദാ /2018/40(1)/18/08.01.2018, | 2 |
| 2000-01, 2001-02 പ്ലാൻ | കെ.എസ്.എ.കെടിഎം/പി4 (അദാ 2022)/243(1)/22 04.08.2022 | 1 |
| 2002-03 (Exp) | എൽ.എഫ്.കെ.പി5/1315 /07/09.07.08 | 6 |
| 2003-04 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(5)/18 08.01.18 | 1 |
| 2006-07 | കെ.എസ്.എ കെടിഎം/പി4 (അദാ 22)/743(3) /18, 8.01.18 | 1 |
| 2009-10, 2010-11 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(10)/18 09.01.18 | 4 |
| 2011-12 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(11)/18 08.01.18 | 6 |
| 2012-13 | എൽ.എഫ്.കെ.പി4 –അദാ 2022 747(6)/22 04.08.22 | 14 |
| 2013-14,2014-15 | കെ.എസ്.എ കെടിഎംപി4 602/16, 5.9.16 | 12 |
| 2015-16 | കെ.എസ്.എ കെടിഎം പി4-അദാ 2022 /909(1)/22 04.08.22 | 7 |
| 2016-17 | കെ.എസ്.എ കെടിഎം പി4-അദാ 2022 /909 (2) /22 04.08.22 | 11 |
| 2017-18 | കെ.എസ്.എ കെടിഎം പി4-726/19 28.06.19 | 20 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി4- അദാ 2022 /909/22 04.08.2022 | 14 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി4 – 420/22 31.03.2022 | 38 |

| | | |
|---|---|---|
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി4-421/2022 26.10.2022 | 21 |
| 2021-22 | കെ.എസ് .എ.കെ.ടി.എം.പി4/2361 /2022/06.12.2022 | 41 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 07-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Manjoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Manjoor Grama Panchayat for the year 2022-2023

**Date: 27/12/2023**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Manjoor Grama Panchayat for the Year 2022-2023 .

**1.Major Observations**

1.Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated.

2.Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contribution of current year are not available.

3.General Fund Details not maintained. Source Data not available for the value of total general fund as on 31/03/2023.

4.Bank book balance of E-payment account not match with Annual Financial Statement.

5.Balance amounts shown in AFS for two non-existing accounts.

**2.Other Observations**

1.Closing balance amount of Distress relief Fund in B-17 not tally with B-2 schedule.

2.Rajiv Gandhi housing scheme Loan current year repayment not reflected in the Annual financial Statement

3.Advance amount deposited for deposit works not included in B18 Schedule.

4.Correctness of amounts adjusted as prior periods cannot be ascertained.

5.Depreciation of 52.49 lakhs provided for assets. But calculation sheet not provided.

6.Government and other dues register not maintained.

7.DCB of various receipts do not match with AFS.

8.Net increase or decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

9.Mandatory financial statements such as ratios, notes on account are not included in AFS.

**Deputy Director**
**District Audit Office Kottayam**
**Kerala State Audit Department**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്